# സഭയും സുവിശേഷവും

**ശബ്ബത്ത് സായാഹ്നം:**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: ഗലാ. 6:1–10; മത്താ. 18:15–17; 1 കൊരി. 10:12; റോമ. 15:1; യോഹ. 13:34; ലൂക്കോ. 22:3.**

**മനഃപാഠവാക്യം:**

**"ആകയാൽ അവസരം കിട്ടുംപോലെ നാമെല്ലാവർക്കും, വിശേഷാൽ സഹ വിശ്വാസികൾക്കും നന്മചെയ്യുക" (ഗലാ. 6:10).**

ചില കർഷകർ പച്ചക്കറികളിൽ വലുതെല്ലാം അവർക്കും ചെറുതെല്ലാം വിത്തിനായും കരുതിവെയ്ക്കാൻ തീരുമാനിച്ചു. ഏതാനും നിരാശജനകമായ വിളവെടുപ്പിനുശേഷം, പ്രകൃതി അവരുടെ കൃഷികളെ ഗോലി (പട്ട്) വലിപ്പത്തിലേക്ക് ചുരുക്കി എന്ന് കണ്ടെത്തി. ഈ ദുരന്തത്തിലൂടെ ആ കർഷകർ ജീവിതത്തിന്റെ ഒരു പ്രധാന നിയമം പഠിച്ചു.

"ജീവിതത്തിലെ ഏറ്റവും നല്ല കാര്യങ്ങൾ അവർക്കായും അവശേഷിക്കുന്നവ വിത്തിനായും ഉപയോഗിക്കാനാകില്ല. ജീവിത്തതിന്റെ നിയമം കല്പിക്കുന്നത് വിളവെടുപ്പ് നടീലിനെ പ്രതിഫലിപ്പിക്കും എന്നാണ്."

"വേറൊർത്ഥത്തിൽ, ചെറിയ പച്ചക്കറികൾ പാകുന്നത് ഇന്നും പൊതുവെയുള്ള പതിവാണ്. നാം ജീവിതത്തിന്റെ വലിയകാര്യങ്ങൾ നമുക്കായി എടുക്കുകയും ബാക്കി ശേഷിക്കുന്നവ നടുകയും ചെയ്യും. നാം പ്രതീക്ഷിക്കുന്നത് ആത്മീയനിയമങ്ങളുടെ ഭ്രാന്തായ വളച്ചൊടിക്കലിലൂടെ, നമ്മുടെ സ്വാർത്ഥതയ്ക്ക് നിസ്വാർത്ഥത ലഭിക്കുമെന്നാണ്.

പൗലൊസ് ഈ തത്വം ഗലാത്യർ 6:1–10 ൽ പ്രയോഗിക്കുന്നു. അംഗങ്ങൾ "അന്യോന്യം കടിക്കുകയും തിന്നുകയും"(ഗലാ. 5:15), ചെയ്യുന്നതിനു പകരം, നമ്മെക്കാൾ മുൻപിൽ മറ്റുള്ളവരെ വെയ്ക്കുന്നതിനു ആത്മാവ് നമ്മെ നയിക്കുന്ന ഒരിടമാകണം സഭ. നാം കൃപയാൽ രക്ഷപ്പെട്ടുവെന്ന് മനസ്സിലാക്കുമ്പോൾ നമ്മുടെ മറ്റുള്ളവരോടുള്ള ഇടപാടിൽ നാം താഴ്മയുള്ളവരും കൂടുതൽ സഹിഷ്ണുതയും അനുകമ്പയുമുള്ളവരാകണം.

സെപ്റ്റംബർ 23 ലെ ശബ്ബത്തിനായി ഒരുങ്ങുവാൻ ഈയാഴ്ചയിലെ പാഠം പഠിക്കുക.

**ഞായർ സെപ്റ്റംബർ 17**

**വീഴ്ച ഭവിച്ചവരെ പുഃസ്ഥാപിക്കുന്നു**

പൗലൊസിന് ക്രിസ്തീയ ജീവിതത്തെക്കുറിച്ച് ഉന്നതമായ പ്രതീക്ഷകളുള്ളപ്പോൾ പോലും(ഗലാ. 5:16), ഗലാ. 6:1 ൽ അവൻ നൽകുന്ന ഉപദേശം കുളിർമ്മ

യേകും വിധം യാഥാർത്ഥ്യമാണ്. മനുഷ്യർ പൂർണമല്ല, ഏറ്റവും സമർപ്പണമുള്ള ക്രിസ്ത്യാനികൾ പോലും തെറ്റിൽനിന്ന് സുരക്ഷിതരല്ല. ഗ്രീക്കിൽ, ഗലാ. 5:16ലുള്ള പൗലൊസിന്റെ വാക്കുകൾ സൂചിപ്പിക്കുന്നത് ഏതെങ്കിലും ഒരു സമയത്ത് സഭയിലുണ്ടാകാവുന്ന ഒരു സാഹചര്യം അവൻ മനസ്സിൽ കാണുകയാണെന്നാണ്. അപ്രകാരമുള്ള സാഹചര്യങ്ങൾ ഉയർന്നുവരുമ്പോൾ അവ എങ്ങനെ കൈകാര്യം ചെയ്യണം എന്നതിനെക്കുറിച്ച് പൗലൊസ് പ്രായോഗിക ഉപദേശം നൽകുകയാണ്.

**ഒരു സഹവിശ്വാസി ഏതെങ്കിലും പാപകരമായ സ്വഭാവത്തിൽ വീണാൽ ക്രിസ്ത്യാനികൾ എങ്ങനെ പ്രതികരിക്കണം? ഗലാ. 6:1; മത്താ. 18:15-17.**

ഗലാ. 6:1ലുള്ള പൗലൊസിന്റെ ഉപദേശത്തിൽനിന്ന് പ്രയോജനം ലഭിക്കാൻ പൗലൊസിന്റെ മനസ്സിലുള്ള കൃത്യമായ സാഹചര്യം നാം മനസ്സിലാക്കേണ്ടതുണ്ട്. ആ വാക്യത്തിന്റെ ആദ്യപകുതിയിൽ ഉപയോഗിച്ചിരിക്കുന്ന രണ്ട് വാക്കുകളെചുറ്റിയാണ് ഇത് തിരിച്ചറിയുന്നത്. ആദ്യവാക്ക് അകപ്പെട്ടു അല്ലെങ്കിൽ പിടിക്കപ്പെട്ടു എന്നതാണ്. അതിന്റെ അക്ഷരാർത്ഥം "കാണപ്പെട്ടു, പിടിക്കപ്പെടുക അല്ലെങ്കിൽ അതിശയപ്പിക്കുക" എന്നാണ്. ഈ വാക്കുമായി ബന്ധപ്പെട്ടിട്ടുള്ള പശ്ചാത്തലവും നേരിയ വ്യത്യാസങ്ങളും സൂചിപ്പിക്കുന്നത് പൗലൊസിന് രണ്ട് കാര്യങ്ങൾ മനസ്സിലുണ്ടെന്നാണ്. ഏതെങ്കിലും തെറ്റിൽ ഒരു വിശ്വാസി മറ്റൊരു വിശ്വാസിയെ "പിടിക്കുന്ന"തിനെ മാത്രമല്ല ഇത് പരാമർശിക്കുന്നത് പിന്നെയോ പിടിക്കപ്പെടുന്ന "സ്വഭാവത്താൽ" ഒരു വ്യക്തി പിടിക്കപ്പെടുന്ന പ്രക്രിയയെയും ഇത് സൂചിപ്പിക്കുന്നു (സദൃ. വാ. 5:22 കാണുക). സാഹചര്യങ്ങൾ നല്ലതായിരുന്നുവെങ്കിൽ അവൻ അതൊഴിവാക്കുമായിരുന്നു.

പൗലൊസ് ചർച്ച ചെയ്യുന്ന തെറ്റുകൾ മനഃപൂർവ്വമായവ അല്ലെന്ന് അവൻ ഉപയോഗിക്കുന്ന വാക്കുകളിൽ നിന്നും വ്യക്തമാണ്. "കുറ്റം" അല്ലെങ്കിൽ "പാപം" എന്ന് തർജ്ജമ ചെയ്തിരിക്കുന്ന വാക്ക്, ഗ്രീക്ക് വാക്കായ Paraptoma, (പാരപ്റ്റോമ) യിൽനിന്നും വരുന്നു. ഇത് മനഃപൂർവ്വമായ ഒരു പാപത്തെ സൂചിപ്പിക്കുന്നില്ല പിന്നെയോ ഒരു തെറ്റ്, ഒരു ഇടർച്ച, അല്ലെങ്കിൽ തെറ്റായ ചുവട് എന്നാണ്. "ആത്മാവിൽ നടക്കുക" എന്നതിനെക്കുറിച്ചുള്ള മുൻ പരാമർശങ്ങളുടെ വെളിച്ചത്തിൽ പിന്നീട് പറഞ്ഞതിന് പ്രത്യേകമായ അർത്ഥമുണ്ട്. ഇത് യാതൊരുവിധത്തിലും ആ വ്യക്തിയെ തെറ്റിൽനിന്ന് ഒഴിവാക്കുന്നില്ലെങ്കിലും, മനഃപൂർവ്വമായ ഒരു പാപത്തെയല്ല പൗലൊസ് കൈകാര്യം ചെയ്യുന്നതെന്ന് ഇത് വ്യക്തമാക്കുന്നു (1 കൊരി. 5:1-5).

അപ്രകാരമുള്ള സാഹചര്യങ്ങളിൽ അവരെ ശിക്ഷിക്കുകയോ, കുറ്റപ്പെടുത്തുകയോ, പള്ളിയിൽനിന്നും മുടക്കുകയോ ചെയ്യരുത്. പിന്നെയോ പുനഃസ്ഥാപനമായിരിക്കണം. "പുനഃസ്ഥാപിക്കുക" എന്ന് തർജ്ജമ ചെയ്തിരിക്കുന്ന ഗ്രീക്ക് പദം Katartizo (കാറ്റർട്ടിസോ) എന്നാണ്, അതിന്റെ അർത്ഥം "നന്നാക്കുക" അല്ലെങ്കിൽ "അടുക്കിവെയ്ക്കുക"എന്നാണ്. പുതിയനിയമത്തിൽ അത് മീൻവലകൾ "നന്നാക്കുന്നു" എന്നർത്ഥമാക്കുന്നു. (മത്താ. 4:21), ഗ്രീക്ക് സാഹിത്യത്തിൽ ഒരു ഒടിഞ്ഞ എല്ല് നേരെയാക്കുന്ന പ്രക്രിയയെ വിവരിക്കുവാൻ ഒരു വൈദ്യപദമായി ഉപയോഗിക്കുന്നു. വീണ് കാലൊടിഞ്ഞ ഒരു സഹവിശ്വാസിയെ നാം ഉപേക്ഷിക്കാത്തതുപോലെ, ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങൾ എന്നനിലയിൽ ദൈവരാജ്യ

ത്തിന്റെ പാതയിലൂടെ നാം ഒരുമിച്ച് നടക്കുമ്പോൾ കാലിടറി വീഴുന്ന, ക്രിസ്തുവിലുള്ള സഹോദരീസഹോദരന്മാരെ നാം സൗമ്യമായി സൂക്ഷിക്കണം.

**മത്താ. 18:15–17 ശീലിക്കുന്നതിനു പകരം, നാം എന്താണ് മിക്കപ്പോഴും നമുക്ക് ദേഷ്യമുള്ള വ്യക്തിയെക്കുറിച്ച് മോശമായി സംസാരിക്കുന്നത്, ആ വ്യക്തിയോടുള്ള ദേഷ്യം തിളപ്പിച്ചുകൊണ്ടിരിക്കുന്നതും, അല്ലെങ്കിൽ പ്രതികാരം ആസൂത്രണം ചെയ്യുന്നതും?**

**തിങ്കൾ** **സെപ്റ്റംബർ 18**

**പരീക്ഷകളെ സൂക്ഷിക്കുക**

**"നാഥാൻ ദാവീദിനോട് പറഞ്ഞത്; ആ മനുഷ്യൻ നീ തന്നെ"(2 ശമൂ. 12:7).**

ഗലാത്യർ 6:1ൽ നാം പരീക്ഷയിൽ അകപ്പെടാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ എന്ന പൗലൊസിന്റെ വാക്കുകളുടെ ഗൗരവം നാം കാണാതെ പോകരുത്. പൗലൊസിന്റെ ഉപദേശത്തിനു പിന്നിലുള്ള തിടുക്കവും വ്യക്തിപരമായ ഉൽക്കണ്ഠയും അവനവന്റെ ആഹ്വാനം ചെയ്യുന്ന രീതിയിൽ കാണാൻ കഴിയും. "കണക്കിലെടുക്കുക" "കരുതുക" എന്ന് തർജ്ജമ ചെയ്തിരിക്കുന്നവാക്കിന്റെ ശരിയായ അർത്ഥം "ശ്രദ്ധയോടെ നോക്കുക" അല്ലെങ്കിൽ "ശ്രദ്ധയോടെ ശ്രവിക്കുക" എന്നാണ് (റോമ. 16:17; ഫിലി. 2:4 താരതമ്യം ചെയ്യുക). അതിനാൽ, പൗലൊസ് യഥാർത്ഥത്തിൽ പറയുന്നത്, നിങ്ങളുടെ മേൽ തന്നെ ഒരുകണ്ണ് വച്ചുകൊള്ളുക" എന്നാണ്, അല്ലെങ്കിൽ പാപം നിങ്ങളെ പ്രതീക്ഷിക്കാത്ത നേരത്ത് ആക്രമിക്കും. ഈ താക്കീത് ഉയർത്തി കാട്ടുവാൻ, പൗലൊസ് മദ്ധ്യമപുരുഷ ബഹുവചനത്തിൽനിന്നും ("നിങ്ങൾ") ഗലാ.6:1ന്റെ ആദ്യഭാഗത്തുനിന്ന് രണ്ടാംപാദത്തിൽ മദ്ധ്യമപുരുഷ ഏകവചനത്തിലേക്ക് ("നിന്നെ") മാറുന്നു. ഇത് സഭയ്ക്കൊന്നാകെ ബാധകമാകുന്ന പൊതുതാക്കീതല്ല; ഇത് സഭ്ക്കുള്ളിലെ ഓരോ വ്യക്തിയും ബാധകമാകുന്ന താക്കീതാണ്. ഗലാത്യർക്കെതിരെ ശക്തമായ താക്കീത് നൽകുന്ന പരീക്ഷയുടെ പ്രകൃതം പൗലൊസ് വ്യക്തമായി എടുത്തുപറയുന്നില്ല. ഒരു പക്ഷേ ഒരു പ്രത്യേകമായ ലംഘനം അവന്റെ മനസ്സിൽ ഇല്ലായിരുന്നിരിക്കാം. അല്ലെങ്കിൽ വെറുതെ അതേ പാപം ആവർത്തിക്കുന്നതിന്റെ അപകടത്തെക്കുറിച്ചാകാം, അത് എന്തുതന്നെ ആയാലും, അവർ കര കയറാൻ ശ്രമിക്കുന്ന ആ പാപത്തിൽനിന്ന് മറ്റൊരാളെ വീണ്ടെടുക്കുവാൻ. അതേ സമയം, ഗലാ. 5:26ൽ "ദുരഭിമാന"ത്തിനെതിരെയുള്ള അവന്റെ വാക്കുകൾ സൂചിപ്പിക്കുന്നത് അവർ പാപത്തിൽനിന്നും വീണ്ടെടുക്കുന്നവരേക്കാൾ അവർ ആത്മീയമായി ഉന്നതരാണെന്ന് തോന്നരുതെന്നാണ്.

**ആത്മീയ അഹന്തയ്ക്കെതിരെ പൗലൊസ് എന്തുകൊണ്ട് ഗലാത്യരെ താക്കീത് ചെയ്യണം? 1 കൊരി. 10:12; മത്താ. 26:34; 2 ശമൂ. 12:1–7 കണക്കിലെടുക്കു.**

ക്രിസ്തീയ നടപ്പിന് ഏറ്റവും അപകടകരമായ ഒന്ന് നാം ചിലതരം പാപം ഒരിക്കലും ചെയ്യില്ലെന്നുള്ള ആത്മീയ അഹന്തയുടെ ഭാവമാണ്. ഗൗരവമുള്ള വസ്തുത എന്തെന്നാൽ നമുക്ക് ഏവർക്കും ഒരേതരത്തിലുള്ള പാപപ്രകൃതമാണ് ഉള്ളത്. ദൈവത്തിന് എതിരായുള്ള ഒരു പ്രകൃതം. അപ്രകാരം, ദൈവത്തിന്റെ ആത്മാവിന്റെ

നിയന്ത്രണ ശക്തിയില്ലാതെ, നമുക്ക് ഏത് തരത്തിലുള്ള പാപം ചെയ്യുന്നതിലേക്കും അധഃപതിക്കാം, സാഹചര്യങ്ങൾ ഒത്തുവന്നാൽ. ക്രിസ്തുവിനു പുറത്ത് നമ്മുടെ യഥാർത്ഥ വ്യക്തിത്വത്തെക്കുറിച്ചുള്ള ഒരു ബോദ്ധ്യം, നമ്മെ സ്വയം നീതീകരണം എന്ന പാപത്തിൽ വീഴാതിരിക്കാൻ സഹായിക്കും. തെറ്റ് ചെയ്യുന്ന മറ്റുള്ളവരോട് കൂടുതൽ അനുകമ്പയുണ്ടാകുവാനും അത് നമ്മെ സഹായിക്കും.

**എത്രയോ തവണ നിങ്ങൾ മറ്റുള്ളവരെ കുറ്റപ്പെടുത്തിയ (ഒരുപക്ഷേ ഹൃദയത്തിലാകാം) തെറ്റ് നിങ്ങൾ ചെയ്തിട്ട്, അതിൽ കുറ്റബോധം തോന്നിയിട്ടുണ്ടോ?**

**ചൊവ്വ** **സെപ്റ്റംബർ 19**

**ഭാരങ്ങളെ ചുമക്കുന്നു (ഗലാ. 6:2–5)**

വീഴ്ച ഭവിച്ചവരെ പുനഃസ്ഥാപിക്കുന്നതിനു പുറമെ, മറ്റെന്ത് നിർദ്ദേശങ്ങളാണ് പൗലൊസ് ഗലാത്യയിലുള്ള വിശ്വാസികൾക്ക് നൽകുന്നത്? (ഗലാ. 6:2–5; റോമ. 15:1; മത്താ. 7:12 എന്നിവ കാണുക).

ഗലാത്യർ 6:5ൽ ഭാരം എന്ന് തർജ്ജമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് Baros (ഭാരോസ്) എന്നാണ്. വളരെ ദൂരം ഒരുവനു ചുമക്കേണ്ടിവന്ന കടുത്ത ഭാരത്തെയാണ് അത് അക്ഷരാർത്ഥത്തിൽ സൂചിപ്പിക്കുന്നത്. എന്നിരുന്നാലും, കാലം കടന്നുപോയപ്പോൾ, അത് ഏതുതരം ബുദ്ധിമുട്ടിനും പ്രശ്നത്തിനും ഉള്ള ഒരലങ്കാരമായി, ചൂടുള്ള ഒരു ദിവസത്തെ നീണ്ട അദ്ധ്വാനം പോലെ (മത്താ. 20:12), "അന്യോന്യം ഭാരങ്ങളെ ചുമക്കുവിൻ" എന്ന പൗലൊസിന്റെ ഉപദേശത്തിന്റെ ഉടനെയുള്ള പശ്ചാത്തലം, മുൻവാക്യങ്ങളിൽ പറഞ്ഞ് സഹവിശ്വാസികളുടെ ധാർമ്മിക വാഴ്ചകളാണ്. അവന്റെ മനസ്സിലുള്ള ഭാരങ്ങളെ ചുമക്കുക എന്ന ആശയം ഇതിലും വിശാലമാണ്. നാം കാണാതെ പോകാൻ പാടില്ലാത്ത ക്രിസ്തീയ ജീവിതത്തിലെ നിരവധി ആത്മീയ ഉൾക്കാഴ്ചകൾ പൗലൊസിന്റെ നിർദ്ദേശങ്ങൾ വെളിവാക്കുന്നു.

ഒന്നാമത്, തിമൊത്തി ജോർജ്ജ് കുറിക്കുന്നതുപോലെ, "എല്ലാ ക്രിസ്ത്യാനികൾക്കും ഭാരങ്ങളുണ്ട്. നമ്മുടെ ഭാരങ്ങൾ അതിന്റെ വലിപ്പത്തിലും ആകൃതിയിലും ദൈവാധീനത്താൽ നാം അനുഭവിക്കുന്ന ജീവിതങ്ങളെ ആശ്രയിച്ചിരിക്കും. ചിലർക്ക് അത് പരീക്ഷകളുടെ ഭാരവും ധാർമ്മികമായ പിഴവിന്റെ പരിണിത ഫലങ്ങളുമായിരിക്കും. ഇവിടെ ഒന്നാം വാക്യത്തിലുള്ളതുപോലെ മറ്റുള്ളവർക്ക് അതൊരു ശാരീരിക അസുഖമായിരിക്കാം, അല്ലെങ്കിൽ ഒരു മാനസിക അസ്വസ്ഥത, അല്ലെങ്കിൽ ഒരു കുടുംബപ്രശ്നം, അല്ലെങ്കിൽ തൊഴിലില്ലായ്മ, അല്ലെങ്കിൽ പൈശാചികമായ അടിച്ചമർത്തൽ, അല്ലെങ്കിൽ മറ്റനേകം കാര്യങ്ങൾ; എന്നാൽ ഒരു ക്രിസ്ത്യാനിയും ഭാരങ്ങളിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ല" Galatians, p. 413.

രണ്ടാമത്, നാം ഏകരായി ഭാരങ്ങൾ മുഴുവൻ വഹിക്കണമെന്ന് ദൈവം ഉദ്ദേശിക്കുന്നില്ല. നിർഭാഗ്യവശാൽ, മറ്റുള്ളവരുടെ ഭാരങ്ങൾ വഹിക്കാൻ അവരെ സഹായിക്കുന്നതിലാണ് നമ്മുടെ ഭാരങ്ങൾ വഹിക്കുവാൻ മറ്റുള്ളവരുടെ സഹായം തേടുന്നതിനേക്കാൾ നമുക്ക് സന്നദ്ധത. ഈ സ്വയം പര്യാപ്തതയുടെ മനോഭാവത്തെ പൗലൊസ് കുറ്റപ്പെടുത്തുന്നത് (ഗലാ. 6:3) മനുഷ്യ അഹന്തയാണ്. നമുക്കും ആവശ്യങ്ങളും ബലഹീനതകളും ഉണ്ടെന്ന് അംഗീകരിക്കാൻ നാം വിസമ്മതിക്കുമ്പോൾ

അപ്രകാരമുള്ള സഹായത്തിന്റെ സൗകര്യത്തിൽനിന്നും നമ്മെ മാറ്റിനിർത്തുന്നു വെന്ന് മാത്രമല്ല മറ്റുള്ളവർ ചെയ്യുന്നതിനായി ദൈവം അവരെ വിളിച്ച കാര്യം ചെയ്യു ന്നതിനും നാം തടസ്സം നിൽക്കുന്നു.

ഒടുവിലായി മറ്റുള്ളവരുടെ ഭാരം ചുമക്കാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്ന തിനു കാരണം നമ്മുടെ പ്രവർത്തികളിലൂടെയാണ് ദൈവത്തിന്റെ ആഗ്രഹം വെളി പ്പെടുന്നത്. സഭ ദൈവത്തിന്റെ ശരീരമാണ് എന്ന വസ്തുതയിലാണ് ഈ ആശയം പണിയപ്പെട്ടിരിക്കുന്നത്. ഇതിന്റെ ഒരു ചിത്രീകരണം പൗലൊസിന്റെ വാക്കുകളി ലുണ്ട്. "എങ്കിലും എളിയവരെ ആശ്വസിപ്പിക്കുന്ന ദൈവം തീത്തൊസിന്റെ വരവി നാൽ ഞങ്ങളെ ആശ്വസിപ്പിച്ചു" (2 കൊരി. 7:6). "ദൈവത്തിന്റെ ആശ്വാസം" പൗലൊ സിന് നൽകപ്പെട്ടത് പൗലൊസിന്റെ വ്യക്തിപരമായ പ്രാർത്ഥനയാലോ കർത്താവിനെ കാത്തിരിക്കുന്നതിനാലോ അല്ല, പിന്നെയോ ഒരു സുഹൃത്തിന്റെ സൗഹൃദത്തിലൂ ടെയും അവൻ കൊണ്ടുവന്ന സദ്വാർത്തയിലൂടെയുമാണ്.

"നാം അന്യോന്യം ഭാരങ്ങൾ ചുമക്കുന്ന മനുഷ്യസൗഹൃദം, അവന്റെ ജന ങ്ങൾക്കു വേണ്ടിയുള്ള ദൈവഉദ്ദേശ്യത്തിന്റെ ഭാഗമാണ്." John R. W. Stott, The Message of Galatians, p. 158.

**സഹായം തേടുന്നതിൽനിന്നും നിങ്ങളെ തടയുന്നതെന്താണ്. അഹന്ത, ലജ്ജ, വിശ്വാസമില്ലായ്മ, സ്വയം പര്യാപ്തതയുടെ ഒരു ബോദ്ധ്യം? ആവശ്യ ത്തിലാണെങ്കിൽ, നിങ്ങൾ വിശ്വസിക്കുന്ന ആരെയെങ്കിലും കണ്ടെത്തി ആ വ്യക്തിയോട് നിങ്ങളുടെ ഭാരം പങ്കുവെയ്ക്കാൻ എന്തുകൊണ്ട് ചോദിച്ചുകൂടാ?**

**ബുധൻ സെപ്റ്റംബർ 20**

**ക്രിസ്തുവിന്റെ ന്യായപ്രമാണം (ഗലാ. 6:2-5)**

**ഭാരം ചുമക്കുന്നതിനെ പൗലൊസ് ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിക്കുന്നതുമായി ബന്ധിപ്പിക്കുന്നു. ക്രിസ്തുവിന്റെ ന്യായപ്രമാണം എന്നതുകൊണ്ട് അവൻ എന്താണ് അർത്ഥമാക്കുന്നത്? ഗലാ. 5:14; 6:2; യോഹ. 13:34; മത്താ. 22:34-40.**

പൗലൊസിന്റെ പദപ്രയോഗമായ "ക്രിസ്തുവിന്റെ ന്യായപ്രമാണം" എന്നത് (ton nomon tou Christou) വേദപുസ്തകത്തിന്റെ മറ്റൊരിടത്തും കാണുന്നില്ല, സമാ നമായ ഒരു പ്രയോഗം അവൻ 1 കൊരി. 9:21 ൽ ഉപയോഗിക്കുന്നുണ്ടെങ്കിലും (ennomos Christou). ഈ പദപ്രയോഗത്തിന്റെ തനിമ വ്യത്യസ്തങ്ങളായ അനേകം വ്യാഖ്യാനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. ചിലർ തെറ്റായി വാദിക്കുന്നത് ദൈവം സീനായിൽ നൽകിയ വേറൊരു ന്യായപ്രമാണത്താൽ പകരം വെയ്ക്കപെട്ടുവെന്നാണ് ക്രിസ്തുവിന്റെ ന്യായപ്രമാണം. മറ്റുള്ളവർ അവകാശപ്പെടുന്നത് ന്യായപ്രമാണം എന്ന വാക്കിന്റെ അർത്ഥം ഒരുപൊതുവായ "തത്വം" മാത്രമാണെന്നാണ് (റോമ. 7:21 കാണുക) ഇതിനർത്ഥം നാം മറ്റുള്ളവരുടെ ഭാരം വഹിക്കുമ്പോൾ, നാം യേശു വിന്റെ മാതൃക പിന്തുടരുകയാണെന്നാണ്. പിന്നീട് പറഞ്ഞ വിശദീകരണത്തിന് അല്പം നന്മയുള്ളപ്പോൾ, ഗലാ. 5:14 ലുള്ള സമാനവാക്കുകളും പശ്ചാത്തലവും

സൂചിപ്പിക്കുന്നത് "ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിക്കുക" എന്നത് സ്നേഹത്തിലൂടെ സാന്മാർഗ്ഗിക ന്യായപ്രമാണം നിവർത്തിക്കുന്നതിനുള്ള മറ്റൊരു പ്രതിവാദ്യമാണെന്നാണ്. യേശുവിന്റെ വരവോടെ സാന്മാർഗ്ഗിക ന്യായപ്രമാണം റദ്ദാക്കപ്പെട്ടില്ലായെന്ന് പൗലൊസ് തന്റെ നേരത്തെയുള്ള എഴുത്തിൽ കാണിച്ചിരുന്നു. പകരം, സ്നേഹത്താൽ വ്യാഖ്യാനിക്കപ്പെടുന്ന ന്യായപ്രമാണം ക്രിസ്തീയ ജീവിതത്തിൽ ഒരു പ്രധാനപങ്ക് വഹിക്കുന്നത് തുടരുന്നു.

അവന്റെ ജീവിതത്തിലുടനീളം അവൻ പ്രാവർത്തികമാക്കുകയും ഭുമിയിലുള്ള അവന്റെ ശുശ്രൂഷാസമയത്ത് യേശു പഠിപ്പിക്കുകയും ചെയ്തതിന്റെ സംഗ്രഹമാണിത്. മറ്റുള്ളവരുടെ ഭാരം വഹിക്കുന്നതിലൂടെ, നാം യേശുവിന്റെ കാലടികളിൽ പിന്തുടരുക മാത്രമല്ല, നാം ന്യായപ്രമാണം നിവർത്തിക്കുകയുമാണ്.

ഈ വാക്യങ്ങളിൽ മറ്റൊരു വിഷയം ഉയർന്നുവരുന്നു, ഗലാ. 6:5 ഉം 6:2 ഉം തമ്മിലുള്ള പ്രകടമായ വൈരുദ്ധ്യം. എന്നിരുന്നാലും ഈ പ്രശ്നം, എളുപ്പത്തിൽ പരിഹരിക്കപ്പെടുന്നത്, പൗലൊസ് രണ്ടുസാഹചര്യങ്ങളെ വർണിക്കുവാൻ രണ്ടു വാക്കുകൾ ഉപയോഗിക്കുന്നു എന്ന് തിരിച്ചറിയുമ്പോഴാണ്. നാം മുൻപ് കണ്ടുതുപോലെ, ഭാരത്തിന് ഉപയോഗിച്ചിരിക്കുന്നു 2-ാം വാക്യത്തിലെ വാക്ക് (Baros) സൂചിപ്പിക്കുന്നത് ദീർഘദൂരം ചുമന്നുകൊണ്ടുപോകുവാനുള്ള ഒരു കടുത്ത ഭാരത്തെയാണ്. 5-ാം വാക്യത്തിലുള്ള Phortion (ഫോർഷൻ) എന്ന വാക്ക് എന്തായാലും, ഒരു കപ്പലിന്റെ ചരക്കിനെയോ, ഒരു പട്ടാളക്കാരന്റെ തോൾസഞ്ചിയെയോ, അല്ലെങ്കിൽ ഗർഭപാത്രത്തിലുള്ള ഒരു കുഞ്ഞിനെയോ സൂചിപ്പിക്കുന്നു. ആദ്യം പറഞ്ഞ ഭാരങ്ങൾ ഇറക്കി വെയ്ക്കാമെങ്കിലും പിന്നീടുള്ളത് സാദ്ധ്യമല്ല. ഒരു ഗർഭിണിയായ അമ്മ അവളുടെ സ്വന്തം കുഞ്ഞിനെ ചുമന്നേപറ്റൂ. ഈ ഉദാഹരണം സൂചിപ്പിക്കുന്നതുപോലെ, ചില ഭാരങ്ങൾ വഹിക്കാൻ മറ്റുള്ളവർക്ക് നമ്മെ സഹായിക്കാം എന്നാൽ ഒരു മനുഷ്യനുപോലും നമ്മെ സഹായിക്കാനാവാത്ത ചിലതുമുണ്ട്. ഉദാഹരണത്തിന് ഒരു കുറ്റ മനഃസാക്ഷിയുടെ ഭാരംപോലെ, കഷ്ടപ്പാട്, മരണം എന്നിവ പോലെയും. ഇവയ്ക്കായി, നാം ദൈവത്തിൽ ആശ്രയിക്കുക തന്നെവേണം (മത്താ. 11:28-30).

**ചില ഭാരങ്ങളിൽ നമുക്ക് മനുഷ്യരുടെ സഹായം തേടാമെങ്കിലും, ചിലത് നാം ദൈവത്തിലേക്ക് മാത്രം കൊണ്ടുചെല്ലണം. നിങ്ങൾക്ക് സ്വയമായി വഹിക്കാൻ കഴിയാത്ത ഭാരങ്ങൾ ദൈവത്തിന്റെ അടുക്കലേക്ക് കൊണ്ടുപോകാൻ നിങ്ങൾക്ക് എങ്ങനെ പഠിക്കാം?**

**വ്യാഴം** **സെപ്റ്റംബർ 21**

**വിതയും കൊയ്ത്തും (ഗലാ. 6:6-10).**

ഗലാത്യർ 6:7 ൽ തർജ്ജമ ചെയ്തിരിക്കുന്ന "പരിഹസിക്കുക" എന്ന വാക്ക് (Mukterizo) പുതിയനിയമത്തിൽ ഇവിടെ മാത്രമെ കാണപ്പെടുന്നുള്ളൂ, എന്നാൽ പഴയനിയമത്തിന്റെ ഗ്രീക്ക് തർജ്ജമയിൽ ഇത് മിക്കപ്പോഴും പ്രത്യക്ഷപ്പെടുന്നു.

അക്ഷരാർത്ഥത്തിൽ ഇതിന്റെ അർത്ഥം "വെറുപ്പോടെ മുഖം തിരിക്കുക" എന്നാണ്.

പഴയനിയമത്തിൽ അത് സൂചിപ്പിക്കുന്നത് ദൈവത്തിന്റെ പ്രവാചകന്മാരെ പരിഹസിക്കുന്നതാണ് (2 ദിന.വൃത്താന്തം 36:16; യിരെ. 20:7). അതൊരിക്കൽ ദൈവത്തോടും മറുതലിക്കുന്ന ഒരു മനോഭാവത്തെ കാണിക്കാനായി ഒരിക്കൽ ഉപയോഗിച്ചിട്ടുണ്ട് (യെഹ. 8:17).

പൗലൊസ് പറയുന്നത് മനുഷ്യർ ദൈവത്തെ അവഗണിക്കുകയോ അവന്റെ കല്പനകളെ ധിക്കരിക്കുകയോ ചെയ്തേക്കാം. എന്നാൽ അവർക്ക് ഒരിക്കലും ദൈവത്തെ കടത്തിവെട്ടാനാകില്ല. അവനാണ് പരമാധികാരിയായ ന്യായാധിപൻ, ഒടുവിൽ അവരുടെ പ്രവർത്തികൾക്ക് അവർ വിലകൊടുക്കേണ്ടിവരും.

ഗലാ. 6:8 വായിക്കുക: എന്താണ് പൗലൊസ് ഇവിടെ അർത്ഥമാക്കുന്നത്? ആത്മാവിനായി വിതയ്ക്കുകയും ജഡത്തിനായി വിതയ്ക്കുകയും ചെയ്യുന്ന വേദപുസ്തക കഥാപാത്രങ്ങളുടെ എന്ത് ഉദാഹരണമാണ് നിങ്ങൾക്ക് കാണാൻ കഴിയുക? (അ.പ്ര. 5:1–5; ലൂക്കോ. 22:3; ദാനി. 1:8; മത്താ. 4:1 എന്നിവ ഉദാഹരണത്തിനായി കാണുക).

വിതയുടെയും കൊയ്ത്തിന്റെയും പൗലൊസിന്റെ ഉദാഹരണം ഒറ്റപ്പെട്ടതല്ല. അത് അനേകം പുരാതന പഴഞ്ചൊല്ലുകളിൽ കാണുന്ന ഒരു ജീവിത വസ്തുതയാണ്. എന്നിരുന്നാലും പ്രധാനമായുള്ളത്, ആത്മാവിനെയും ജഡത്തെയും സംബന്ധിച്ചുള്ള പരാമർശങ്ങളെ എടുത്തുകാണിക്കാൻ പൗലൊസ് അതിനെ എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ്. ജെയിംസ് ഡി.ജി. സൺ എഴുതുന്നു: "ഇതിന് ഒരു ആധുനിക സമവാക്യം നമുക്ക് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. എന്നാൽ നമ്മുടെ തെരഞ്ഞെടുപ്പിന്റെ അനന്തരഫലങ്ങൾ തെരഞ്ഞെടുക്കാൻ നമുക്ക് അവകാശമില്ല" ——

നമ്മുടെ പാപങ്ങളുടെ ഭൂമിയിലെ അനന്തരഫലങ്ങളിൽനിന്ന് ദൈവം നമ്മെ എപ്പോഴും വിടുവിക്കുന്നില്ലെങ്കിലും, നമ്മുടെ തെറ്റായ തെരഞ്ഞെടുപ്പുകൾ ഓർത്ത് നാം നിരാശരാകേണ്ടതില്ല. ദൈവം നമ്മോട് ക്ഷമിച്ചുവെന്നും അവന്റെ മക്കളായി ദത്തെടുത്തു എന്നും ഓർത്ത് നമുക്ക് ആനന്ദിക്കാം. ഒരു സ്വർഗ്ഗീയ വിളവെടുപ്പ് സാദ്ധ്യമാക്കുന്ന കാര്യങ്ങളിൽ നിക്ഷേപിക്കുന്നതിന് നാം നമുക്ക് ലഭിക്കുന്ന അവസരങ്ങൾ ഉപയോഗിക്കണം.

ഇതിനിടയിൽ, ക്രിസ്തീയ ധാർമ്മികതയ്ക്ക് രണ്ടുലക്ഷ്യങ്ങളുണ്ടെന്ന് ഗലാ. 6:10 ചിത്രീകരിക്കുന്നു; ഒന്ന് സാർവ്വത്രികവും സകലതിനെയും ബാധിക്കുന്നതും, "നമുക്ക് എല്ലാവർക്കും നന്മ ചെയ്യാം." അടുത്തത് പ്രത്യേകമായതും ഓരോരുത്തർക്കുമുള്ളതാണ്. പ്രത്യേകിച്ച് വിശ്വാസികളുടെ കുടുംബത്തിലുള്ളവർക്ക്; എല്ലായിടവുമുള്ള എല്ലാവരും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരാണെന്നും അവന്റെ ദൃഷ്ടിയിൽ അവരെല്ലാം വലിയ വിലയുള്ളവരുമാണെന്ന വസ്തുതയുടെ അടിസ്ഥാനത്തിലാണ് പൗലൊസിന്റെ സാർവ്വത്രികമായ ആഹ്വാനം വരുന്നത്. എപ്പോഴൊക്കെ ക്രിസ്ത്യാനികൾ ഈ അടിസ്ഥാന വേദപുസ്തക വെളിപ്പാട് മറന്നിട്ടുണ്ടോ, അപ്പോഴൊക്കെ അവർ അനിവാര്യമായും വർഗ്ഗീയത, ലൈംഗികത, ഗോത്ര

വൽക്കരണം ജനങ്ങളെ വിവിധതട്ടുകളിലാക്കുന്നതു പോലുള്ള ഒരായിരം മറ്റ് മത ഭ്രാന്തുകൾ എന്നിവയ്ക്ക് അവർ ഇരയാകുകയും ആദാമിലും ഹവ്വായിലും തുടങ്ങി ഈ ദിവസം വരെയും മനുഷ്യസമൂഹത്തിൽ അത് നാശഹേതുവായിട്ടുമുണ്ട്." Timo thy George, Galations, pp. 427, 428.

**നിങ്ങൾ വിതയ്ക്കുകയാണ്, നന്മയ്ക്കുവേണ്ടിയോ തിന്മയ്ക്കുവേണ്ടിയോ നിങ്ങളെത്തന്നെ നോക്കുക. എപ്രകാരമുള്ള ഒരു വിളവെടുപ്പാണ് നിങ്ങൾ കൊയ്യാൻ പോകുന്നത്?**

**വെള്ളി** **സെപ്റ്റംബർ 22**

**കൂടുതൽ ചിന്ത:**

"ദൈവത്തിന്റെ ആത്മാവ് തിന്മയെ മനഃസാക്ഷിയുടെ നിയന്ത്രണത്തിൽ വെയ്ക്കുന്നു. ആത്മാവിന്റെ സ്വാധീനത്തിനു മീതെ മനുഷ്യൻ അവനെത്തന്നെ ഉയർത്തുമ്പോൾ, അവൻ അകൃത്യത്തിന്റെ ഒരു വിളവെടുപ്പ് നടത്തുന്നു. അപ്രകാരമുള്ള ഒരു മനുഷ്യൻ അനുസരണക്കേട് വിതയ്ക്കുന്നുതിൽനിന്ന് അവനെ തടയാൻ ആത്മാവിന് കുറഞ്ഞുവരുന്ന സ്വാധീനമേയുള്ളൂ. താക്കീതുകൾക്ക് അവന്റെ മേൽ കുറഞ്ഞുകുറഞ്ഞുവരുന്ന സ്വാധിനമേയുള്ളൂ. അവൻ ജഡത്തിനായി വിതയ്ക്കുന്നു; അവൻ അഴിമതി കൊയ്യും. അവൻതന്നെ വിതച്ച വിത്തിന്റെ വിളവെടുപ്പ് പാകമാക്കുകയാണ്. അവന് ദൈവത്തിന്റെ വിശുദ്ധ കല്പനകളോട് ഒരു വെറുപ്പുണ്ടാകുന്നു. അവന്റെ മാംസ ഹൃദയം ഒരു കല്ലിന്റെ ഹൃദയമാകുന്നു. സത്യത്തോടുള്ള പ്രതിരോധം അവനെ അകൃത്യത്തിൽ ഉറപ്പിക്കുന്നു. മനുഷ്യൻ തിന്മയുടെ വിത്ത് വിതച്ചതുകൊണ്ടാണ് അരാജകത്വം, കുറ്റകൃത്യം, അക്രമം എന്നിവ ജലപ്രളയത്തിനു മുൻപുള്ള ലോകത്തിൽ നിലനിന്നത്.

ആത്മാവിനെ നശിപ്പിക്കുന്ന വക്താവ് ആരെന്നതിനെക്കുറിച്ച് ഏവർക്കും ബുദ്ധിയുണ്ടാകണം. അത് മനുഷ്യർക്കെതിരെ ദൈവം പുറപ്പെടുവിച്ച ഒരു കല്പനയാലുമല്ല. അവൻ മുഷ്യനെ ആത്മീയമായി അന്ധരാക്കുന്നില്ല. തെറ്റും സത്യവും വേർതിരിച്ചറിയാൻ അവൻ മനുഷ്യനു മതിയായ വെളിച്ചവും തെളിവും നൽകുന്നു. എന്നാൽ സത്യം സ്വീകരിക്കാൻ അവൻ മനുഷ്യനുമേൽ ബലം പ്രയോഗിക്കുന്നില്ല. നന്മയോ, തിന്മയോ തെരഞ്ഞെടുക്കാൻ അവൻ അവനെ സ്വതന്ത്രമായി വിടുന്നു. അവന്റെ വിലയിരുത്തൽ ശരിയായ ദിശയിൽ നയിക്കാൻ മതിയായ തെളിവിനെ അവൻ എതിർക്കുകയും ഒരിക്കൽ തിന്മ തെരഞ്ഞെടുക്കുകയും ചെയ്താൽ അവൻ കൂടുതൽ ഉത്സാഹത്തോടെ രണ്ടാം തവണയും അതു ചെയ്യും . മൂന്നാം തവണ അവൻ കൂടുതൽ ഉത്സാഹത്തോടെ ദൈവത്തിൽനിന്ന് പിൻവാങ്ങുകയും സാത്താന്റെ വശത്ത് നിൽക്കാൻ തെരഞ്ഞടുക്കുകയും ചെയ്യും. ഈ മാർഗ്ഗത്തിൽ അവർ തിന്മയിൽ ഉറയ്ക്കുന്നതുവരെയും തുടരും. അവൻ സത്യമായി താലോലിച്ച കള്ളത്തെ വിശ്വസിക്കുകയും " EGW Comments, The SDA Bible Commentary, vol. 6. p. 112

**ചർച്ചാ ചോദ്യങ്ങൾ:**

(1) ഒരു പ്രായോഗിക അർത്ഥത്തിൽ, പാപത്തിൽ വീണ ഒരു സഹവിശ്വാസിയെ "പുനഃസ്ഥാപിക്കുക" എന്നതിന്റെ യഥാർത്ഥ അർത്ഥമെന്നാണ്? ഏതെല്ലാം

വിധങ്ങളിലാണ് ചെയ്ത പാപത്തിന്റെ പ്രകൃതം പുനഃസ്ഥാപന പ്രക്രിയയെ ബാധിക്കുക? പുനഃസ്ഥാപിക്കുക എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം എല്ലാം പഴയപോലെ ആയിരിക്കുമെന്നാണോ? ചർച്ച ചെയ്യുക.

(2) ചില ഭാരങ്ങൾ മനുഷ്യർ സ്വന്തമായി വഹിക്കണമെന്നുള്ളതുകൊണ്ട് (ഗലാ. 6:5), ആരെയെങ്കിലും സഹായിക്കാൻ ശ്രമിക്കണമോ എന്ന് എങ്ങനെയാണ് ഒരു വിശ്വാസി നിർണയിക്കുക?

(3) ഗലാത്യർ 6 ലുള്ള പൗലൊസിന്റെ നിർദ്ദേശങ്ങളുമായി നിങ്ങളുടെ സഭ എങ്ങനെ ഒത്തുപോകുന്നു? ഒരു വ്യത്യാസം ഉണ്ടാക്കുവാൻ വ്യക്തിപരമായി നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയും?

**സംഗ്രഹം:**

ജനങ്ങൾക്കിടയിൽ ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ടെന്ന് സൂചിപ്പിക്കുന്നത് സഭയ്ക്കുള്ളിൽ വെളിപ്പെടുന്ന ക്രിസ്തു സമാനമായ ആത്മാവിലാണ്. തെറ്റ് ചെയ്യുന്നവർക്ക് നൽകുന്ന ക്ഷമയുടെയും പുനഃസ്ഥാപനത്തിന്റെയും രീതിയിൽ അത് കാണാം. പരീക്ഷകളിൽ അവർ അന്യോന്യം എങ്ങനെ സഹായിക്കുന്നു, മനഃപൂർവ്വമായ ദയയുടെ പ്രവർത്തനങ്ങൾ അവർ എങ്ങനെ പങ്കുവയ്ക്കുന്നു എന്നതിലും. അത് അവർക്കിടയിൽ മാത്രമല്ല അവിശ്വാസികൾക്കിടയിലും!

ஐ ஐ ஐ ஐ